# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1087 28.04.2017-ലെ മറുപടി

### കേരള ജല അതോറിറ്റിയിലെ ഓഡിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, കെ.ബി.ഗണേഷ് കുമാർ<br>,, സി.കെ.നാണു : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ കേരള ജല അതോറിറ്റിയിൽ ആഭ്യന്തര, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് നടക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ജല അതോറിറ്റി യുടെ വാർഷിക. ഓഡിറ്റ് റിപ്പോർട്ടുകൾ അവസാനമായി തയ്യാറാക്കിയത് എന്നാണെന്നും എ. ജി.യുടെ ഓഡിറ്റ് നടന്ന പ്രൊജക്ടുകൾ, ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്യേണ്ട പ്രൊജക്ടുകൾ ഏതൊക്കെയെന്നും അവസാനമായി ഓഡിറ്റ് നടന്നതെന്നാണെന്നും വ്യക്തമാക്കുമോ; | എ കേരള . വാട്ടർ അതോറിറ്റിയിൽ ആഭ്യന്തര ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിൽ ഉള്ള ഓഡിറ്റ് വിഭാഗവും കോരള വാട്ടർ അതോറിറ്റിയുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും നടത്തുന്നുണ്ട്.<br>അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിൽ ഉള്ള ആഭ്യന്തര ഓഡിറ്റ് 2015-16 സാമ്പത്തിക വർഷം വരെ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ പൂർത്തിയാക്കിയിട്ടുണ്ട്.<br>2016-17 -ലെ അക്കൗണ്ടന്റ് ജനറലിന്റെ ആഭ്യന്തര ഓഡിറ്റ് ജല അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ പുരോഗമിക്കുന്നു.<br>കേരള വാട്ടർ അതോറിറ്റിയുടെ ആഭ്യന്തര ഓഡിറ്റ് വിഭാഗം നടത്തുന്ന ഓഡിറ്റ് സ്റ്റാഫിന്റെ അപര്യാപ്തത മൂലം മൂന്നു വർഷത്തിൽ ഒരിക്കൽ ഒരു ഓഫീസിൽ എന്ന കണക്കിൽ നടത്തിവരുന്നുണ്ട്. ആയത് 2013 വർഷം വരെ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.<br>കേരള വാട്ടർ അതോറിറ്റിയുടെ വാർഷിക കണക്കുകളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടപ്പാക്കുന്നതിന് അക്കൗണ്ടന്റ് ജനറലിനെയാണ് ചുമതല പ്പെടുത്തിയത്. 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റാണ് അവസാനമായി പൂർത്തിയാക്കിയത്.<br>ഇതു കൂടാതെ ജല അതോറിറ്റിയുടെ JICA, NRDWP എന്നീ പ്രോജക്ടുകളുടേയും പ്രത്യേക ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. NRDWP യുടെ പെർ ഫോമൻസ് ഓഡിറ്റ് 2012-13 മുതൽ 2016-17 സാമ്പത്തിക വർഷം വരെ അക്കൗണ്ടന്റ് ജനറലിന്റെ നേതൃത്വത്തിൽ 06.03.2017 മുതൽ നടന്നു വരുന്നു.<br>NRDWP-യുടെ വർഷാ വർഷങ്ങളിലുള്ള വരവു ചെലവു കണക്കുകൾ NRDWP-യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. ആയത് 2015-16 വരെ പൂർത്തിയാക്കി സമർപ്പിച്ചിട്ടുണ്ട്. |
| ബി ജല അതോറിട്ടിയിലെ 2016 - | ബി കേരള ജല അതോറിറ്റിയിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ടാണ് സഭയിൽ |

| | | | |
|---|---|---|---|
| | 17 വരെയുള്ള ആഭ്യന്തര, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അടിയന്തരമായി പൂർത്തീകരിച്ച് എപ്പോൾ സഭയിൽ സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ; | | സമർപ്പിക്കാറുള്ളത്. 2016-17 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ 31.03.2018 നകം പൂർത്തീകരിച്ച് അക്കൗണ്ടന്റ് ജനറലിന് ഓഡിറ്റിനായി സമർപ്പിക്കുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ആയത് ഓഡിറ്റ് തീരുന്ന മുറയ്ക്കും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കും സഭയിൽ സമർപ്പിക്കുന്നതാണ്. |
| സി | എനർജി ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റിന്റെ ഗുണഫലങ്ങൾ വ്യക്തമാക്കുമോ ; | സി | ഇല്ല. |
| ഡി | ഉന്നത സംഭരണികളിൽ സംഭരിച്ച ജലം വിതരണം ചെയ്യുന്നതിനിടയിൽ സംഭവിക്കുന്ന ചോർച്ച എത്ര ശതമാനമാണ്; ടി ചോർച്ച ഒഴിവാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | ഡി | ഇത് കൃത്യമായി കണക്കാക്കിയിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന ചോർച്ചകൾ അടിയന്തിരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| ഇ | ജലവിതരണ സംവിധാനത്തിന്റെ കാര്യക്ഷമതാ ഓഡിറ്റ് നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടോ? | ഇ | ജലവിതരണ ശൃംഖലയിലെ കണക്കിൽ പെടാത്ത ജലം കണ്ടുപിടിക്കുന്നതിനുള്ള ഒരു കണക്കെടുപ്പ് രീതിയാണ് വാട്ടർ ഓഡിറ്റ്. ഇത്തരത്തിലുള്ള കണക്കെടുപ്പ് വഴി വരുമാന നഷ്ടം ഉണ്ടാകുന്ന ജലത്തിന്റെ (നോൺ റവന്യൂ വാട്ടർ) അളവ് കണക്കാക്കാൻ കഴിയുന്നു. പക്ഷേ ഇതിനായി ജല ശുദ്ധീകരണശാലയിൽ തുടങ്ങി ഉപഭോക്താവിൽ വരെ എത്തി നിൽക്കുന്ന വിതരണശൃംഖലയിൽ പല ഘട്ടങ്ങളിലായി കൃത്യതയാർന്ന ഫ്ളോ മെഷർമെന്റ് അത്യാവശ്യമാണ്. ഇതു കൂടാതെ വിതരണ ശൃംഖല ഒറ്റപ്പെട്ട ചെറിയ യൂണിറ്റുകളായി തിരിക്കേണ്ടതുണ്ട്. നിലിവിൽ ഇത്തരത്തിലുള്ള സംവിധാനം വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖലയിൽ ഇല്ലാത്തതിനാലും ഇത്തരത്തിലുള്ള വിപുലമായ ഒരു സംവിധാനം ഒരുക്കുന്നത് വളരെ പണച്ചെലവുള്ളതായതിനാലും ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് കൊണ്ട് ഒരു ഏകദേശ കണക്കെടുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ